LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ നിന്ന് തെരഞ്ഞെടുത്തിരുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തന്നെ ഭൂമി അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പട്ടയം ലഭിച്ചു കഴിഞ്ഞവർക്ക് ചട്ടപ്രകാരം ഭൂമി കൈമാറുന്ന പ്രവർത്തനങ്ങളും ജില്ലയിൽ പുരോഗമിച്ചു വരികയാണ്.

സംസ്ഥാനത്തിന് വെളിയിൽ സർക്കാരിന്റെ പേരിൽ പട്ടയമുള്ള ഭൂമി

150(4781) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പേരിൽ പട്ടയമുള്ള ഭൂമികളും അവയിലുള്ള കെട്ടിടങ്ങളും സംസ്ഥാനത്തിന് വെളിയിൽ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഈ ഭൂമികളിലെ കയ്യേറ്റം തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവ സംരക്ഷിക്കുവാൻ നിയമനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) പത്മനാഭപുരം സമുച്ചയം ഉൾപ്പെടുന്ന ഭൂമിയിൽ റീ-സർവ്വേയിൽ കുറവ് വന്നിട്ടുണ്ടെന്ന് കണ്ടെത്തിയ ഭൂമി ഇപ്പോഴുള്ള അതിരിന് വെളിയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. രണ്ട് സർക്കാരും ചേർന്നുള്ള റീ-സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റാലത്തുള്ള കേരള പാലസിന്റെ ഭൂമിയിൽ 20.5 സെന്റ് സ്ഥലം ഹിന്ദു റിലീജയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന പേരിലുള്ള സംഘടന കയ്യേറിയിട്ടുണ്ട്. പ്രസ്തുത കയ്യേറ്റം ഒഴിവാക്കുന്നതിനുള്ള നിയമ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നടപടികൾ സ്വീകരിച്ചു വരുന്നു. പൊള്ളാച്ചി, നഞ്ചൻഗ്രഡ്, ചെങ്കോട്ട എന്നീ തടി ഡിപ്പോകളിൽ കയ്യേറ്റം ഉണ്ടാകാതിരിക്കാൻ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചു വരുന്നു. കൂടാതെ സ്ഥലവും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും പൂർണ്ണമായും കേരള ഗവൺമെന്റിന്റെ അധീനതയിൽ ആയതിനാലും ഇവയിൽ കേരളത്തിന്റെ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നതിനാലും കയ്യേറ്റ സാധ്യതകൾ നിലവിലില്ല.

ചിന്നക്കനാൽ വില്ലേജിൽ കരം അടയ്ക്കാൻ അനുമതി

151(4782) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിന്നക്കനാൽ വില്ലേജിൽ 411 തണ്ടപ്പേരുകളിൽ 2006 മുതൽ കരം അടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തണ്ടപ്പേരുകളുമായി ബന്ധപ്പെട്ട റിക്കാർഡുകൾ ഇപ്പോൾ വിജിലൻസിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടോ;

(സി) ഇവ തിരികെ താലൂക്ക് ഓഫീസിൽ ലഭിച്ച സാഹചര്യത്തിൽ ഒരു പ്രത്യേക റവന്യൂ സ്ക്വാഡിനെ നിയമിച്ചുകൊണ്ട് അർഹതയുള്ള തണ്ടപ്പേരുകളിൽ കരം അടയ്ക്കാനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരികെ ലഭിച്ചിട്ടില്ല.

(സി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ചോദ്യമുദിക്കുന്നില്ല.

തിരുവനന്തപുരം-മണക്കാട് വില്ലേജിൽ കൈവശഭൂമിക്ക് പട്ടയം

152(4783) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം-മണക്കാട് വില്ലേജിൽ അമ്പലത്തറ വാർഡിലെ കല്ലടി മുഖം, ചൂരൽ തോപ്പ്, മുട്ടാറ്റുവരമ്പ് എന്നിവിടങ്ങളിൽ ബണ്ട് പുറമ്പോക്കിൽ 30 വർഷത്തിലേറെയായി താമസിക്കുന്ന നൂറിലധികം കുടുംബങ്ങൾക്ക് അവരുടെ കൈവശഭൂമിക്ക് എന്നത്തേക്ക് പട്ടയം കൊടുക്കുമെന്നും ഇത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുവരെയെത്തി എന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly